ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 11.11.2024**

## പ്രധാനവാർത്തകൾ

1. ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്തു.

2. ചേലക്കര നിയമസഭാ മണ്ഡലത്തിലും വയനാട് ലോക്സഭാ മണ്ഡലത്തിലും പരസ്യപ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം. പാലക്കാട് മണ്ഡലത്തിൽ പ്രചാരണം ശക്തമാക്കി സ്ഥാനാർത്ഥികൾ.

3. സീ പ്ലെയിൻ പദ്ധതി സാധാരണക്കാർക്ക് ലഭ്യമാകുന്ന രീതിയിൽ ജനകീയമാക്കുമെന്ന് മന്ത്രി മുഹമ്മദ് റിയാസ്. സീ പ്ലെയിനിന്റെ പരീക്ഷണ പറക്കൽ മന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

4. സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും. ഓവറോൾ ചാമ്പ്യൻഷിപ്പ് ഉറപ്പിച്ച് തിരുവനന്തപുരം ജില്ല.

5. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാന അബ്ദുൾ കലാം ആസാദിൻറെ സ്മരണയിൽ രാജ്യം ഇന്ന് ദേശീയ വിദ്യാഭ്യാസ ദിനം ആചരിക്കുന്നു.

=========================================

RNU TVPM

**ചീഫ് ജസ്റ്റിസ് - സത്യപ്രതിജ്ഞ**

ഇന്ത്യയുടെ 51-ാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സഞ്ജീവ് ഖന്ന സത്യപ്രതിജ്ഞ ചെയ്തു. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ജസ്റ്റിസ് ഖന്നയ്ക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

**(ഹോൾഡ് ബൈറ്റ്..........)**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, കേന്ദ്രമന്ത്രിമാർ, സുപ്രീംകോടതി ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിൻറെ പിൻഗാമിയായാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന സ്ഥാനമേറ്റത്. 2019 ജനുവരിയിലാണ് അദ്ദേഹം സുപ്രീംകോടതി ജഡ്ജിയായി നിയമിതനായത്.

==========================================

**തിരഞ്ഞെടുപ്പ് - സംസ്ഥാനം**

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന ചേലക്കര നിയമസഭാ മണ്ഡലത്തിലും വയനാട് ലോക്സഭാ മണ്ഡലത്തിലും. പരസ്യപ്രചാരണം ഇന്ന് സമാപിക്കും. നാളെ നിശബ്ദ പ്രചാരണമാണ്. ബുധനാഴ്ചയാണ് വോട്ടെടുപ്പ്.

==========================================

**വയനാട് പ്രചാരണം**

വയനാട് ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം അവസാനഘട്ടത്തിൽ എത്തിയതോടെ പരമാവധി വോട്ടർമാരെ നേരിൽ കണ്ട് വോട്ട് ഉറപ്പിക്കാനുള്ള ശ്രമത്തിലാണ് മുന്നണികൾ. ബത്തേരിയിൽ നടക്കുന്ന കൊട്ടിക്കലാശത്തിൽ യു.ഡി.എഫ് സ്ഥാനർത്ഥി പ്രിയങ്ക ഗാന്ധിക്കൊപ്പം റോഡ്ഷോയിൽ കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയും പങ്കെടുക്കുന്നു. എൽ

RNU TPM

ഡി എഫ് സ്ഥാനർത്ഥി സത്യൻ മൊകേരി കൽപ്പറ്റയിൽ നടക്കുന്ന കൊട്ടിക്കലാശത്തിൽ പങ്കെടുക്കും. എൻ ഡി എ സ്ഥാനർത്ഥി നവ്യ ഹരിദാസ് ബത്തേരിയിലെ കൊട്ടിക്കലാശത്തിനാണ് പങ്കെടുക്കുന്നത്.

========================================

**ചേലക്കര - (ഇൻട്രോ)**

വീറും വാശിയുമുള്ള പ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശമാകുമ്പോൾ, അവസാന വട്ട പര്യടനത്തിലാണ് ചേലക്കരയിലെ സ്ഥാനാർത്ഥികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...**

(വോയിസ്.......)

========================================

**തിരഞ്ഞെടുപ്പ് - പാലക്കാട്**

പ്രാദേശിക വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രചാരണത്തിലാണ് പാലക്കാട് മണ്ഡലത്തിലെ സ്ഥാനാർത്ഥികൾ. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഈ മാസം 20- നാണ് വോട്ടെടുപ്പ്. എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാറിൻ്റെ പ്രചാരണ പരിപാടിയുടെ ഭാഗമായുള്ള ട്രാക്ടർ റാലിയുടെ സമാപനം രാവിലെ ബി. ജെ. പി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യു. എൽ. ഡി. എഫ് സ്ഥാനാർഥി പി. സരിൻ ഇന്ന് നഗരസഭ പ്രദേശങ്ങളിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. യു. ഡി. എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ ഇന്നത്തെ പ്രചാരണ പരിപാടികളിൽ കോൺഗ്രസ് നേതാവ് കെ. മുരളീധരൻ പങ്കെടുക്കും.

========================================

RNU TVM

## ഹൈക്കോടതി - ജാമ്യം

എ.ഡി.എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റിമാൻഡിൽ കഴിയവെ ജാമ്യം ലഭിച്ച കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡണ്ട് പി.പി.ദിവ്യ രാവിലെ കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ഹാജരായി. എല്ലാ തിങ്കളാഴ്ചയും അന്വേഷണ ഉദ്യോഗസ്ഥന് മുൻപിൽ ഹാജരാകണമെന്ന് ഉപാധിയോടെയാണ് കഴിഞ്ഞദിവസം തലശ്ശേരി ജില്ലാ സെഷൻസ് കോടതി ദിവ്യക്ക് ജാമ്യം അനുവദിച്ചത്.

=============================================

## ദേശീയ വിദ്യാഭ്യാസ ദിനം

ഇന്ന് ദേശീയ വിദ്യാഭ്യാസ ദിനം. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മൗലാന അബ്ദുൾ കലാം ആസാദിൻറെ ജന്മദിനമാണ് ദേശീയ വിദ്യാഭ്യാസ ദിനമായി ആചരിക്കുന്നത്. രാജ്യത്തിൻറെ ഭാവി രൂപീകരിക്കുന്നതിന് വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം ഉയർത്തിക്കാട്ടുന്നതാണ് ദിനാചരണം ലക്ഷ്യമിടുന്നത്. മൗലാന അബ്ദുൾ കലാം ആസാദിന്റെ ജന്മ വാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ജ്ഞാനത്തിന്റെ ഉറവിടമായ മൗലാന ആസാദ് സ്വാതന്ത്ര്യ സമരത്തിൽ ഏറെ സംഭാവനകൾ നൽകിയ വ്യക്തിയാണെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു.

=============================================

## സീ പ്ലെയിൻ കൊച്ചി - (ഇൻട്രോ)

കേരളത്തിൻറെ ടൂറിസം വികസന സ്വപ്നങ്ങൾക്ക് പുതിയ പ്രതീക്ഷകൾ നൽകുന്ന സീപ്ലെയിനിൻറെ പരീക്ഷണ പറക്കൽ രാവിലെ കൊച്ചി ബോൾഗാട്ടി മറീനയിൽ നടന്ന

RIJU TVPM

ചടങ്ങിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഫ്ലാഗ് ഓഫ് ചെയ്തു. സീ പ്ലെയിൻ പദ്ധതി സാധാരണക്കാർക്ക് ലഭ്യമാകുന്ന രീതിയിൽ ജനകീയമാക്കുമെന്ന് മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു.

**(ഹോൾഡ് വോയിസ്.......)**

പി.എ, മുഹമ്മദ് റിയാസ്, പി രാജീവ്, വി ശിവൻകുട്ടി എന്നിവരടങ്ങുന്ന സംഘം സീ പ്ലെയിയിനിൽ യാത്ര നടത്തി. കൊച്ചിയിൽ നിന്ന് പുറപ്പെട്ട സീപ്ലെയിൻ ഇടുക്കി മാട്ടുപ്പെട്ടി ഡാമിലെ ജലാശയത്തിൽ ഇറങ്ങി. മന്ത്രി റോഷി അഗസ്റ്റിൻ്റെ നേതൃത്വത്തിൽ വിമാനത്തിലെത്തിയവർക്ക് സ്വീകരണം നൽകി.

RIUTVM

==========================================

**കായികമേള - സമാപനം**

സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന സമ്മേളനം ഇന്ന് വൈകിട്ട് എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പ്രഥമ ചീഫ് മിനിസ്റ്റേഴ്സ് എവർറോളിങ് ട്രോഫി ജേതാക്കൾക്ക് മുഖ്യമന്ത്രി സമ്മാനിക്കും. മന്ത്രി വി. ശിവൻകുട്ടി ചടങ്ങിൽ അധ്യക്ഷത വഹിക്കും.

==========================================

**സ്കൂൾ കായികമേള**

സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് ഇന്ന് തിരശ്ശീല വീഴുമ്പോൾ ഓവറോൾ ചാമ്പ്യൻ പട്ടം ഉറപ്പിച്ച് തിരുവനന്തപുരം ജില്ല. 1,926 പോയിൻറുമായാണ് തലസ്ഥാന ജില്ല കിരീടം ഉയർത്തുന്നത്. തൃശൂർ രണ്ടാമതും മലപ്പുറം മൂന്നാമതുമാണ്. അത്ലറ്റിക്സിൽ

മലപ്പുറമാണ് ഒന്നാം സ്ഥാനത്ത്. ഗെയിംസ് ഇനത്തിലും തിരുവനന്തപുരമാണ് ഒന്നാം സ്ഥാനത്ത്.

==========================================

**പാലക്കാട് കൽപ്പാത്തി - (ഇൻട്രോ)**

രഥോത്സവത്തിന് കൊടിയേറിയ കല്പാത്തിയിൽ ഇന്ന് അഞ്ചാം തിരുന്നാൾ ആഘോഷിക്കും. ഉത്സവത്തോട് അനുബന്ധിച്ചുള്ള ദേശീയ സംഗീതോത്സവം ഇന്നലെ സമാപിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി**
**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**
**(വോയിസ്........)**

==========================================

**വനിതാ ഏഷ്യൻ ഹോക്കി**

വനിത ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിന് ഇന്ന് ബിഹാറിലെ രാജ്-ഗിറിൽ തുടക്കമാകും. മുഖ്യമന്ത്രി നിതീഷ് കുമാർ 10 ദിവസത്തെ ഹോക്കി ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. ഇതാദ്യമായാണ് ബിഹാർ ഒരു അന്താരാഷ്ട്ര കായിക മത്സരത്തിന് വേദിയാകുന്നത്. ഇന്ത്യയ്ക്ക് പുറമെ ചൈന, ജപ്പാൻ, മലേഷ്യ, കൊറിയ, തായ് ലൻഡ് എന്നീ രാജ്യങ്ങളും ചാമ്പ്യൻഷിപ്പിൽ മാറ്റുരയ്ക്കും.

RNU TVPM

==========================================

**ജോർജ് കുര്യൻ**

കേന്ദ്ര വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻറെ ആഭിമുഖ്യത്തിൽ, കേന്ദ്ര പദ്ധതികളെ കുറിച്ചുള്ള ബോധവൽക്കരണ-പ്രദർശന പരിപാടിക്ക് എറണാകുളത്ത് തുടക്കമായി. അങ്കമാലിയിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ

ഉദ്ഘാടനം ചെയ്യു. ഇന്ന് മുതൽ ഈ മാസം 15 വരെയാണ് പരിപാടി.

========================================

**കവരത്തി - സന്ദർശനം**

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജാമദാർ, ജസ്റ്റിസ് ജയ ശങ്കരൻ നമ്പ്യാർ എന്നിവർ കവരത്തി ജില്ലാ കോടതി സന്ദർശിച്ചു. ജില്ലാ ജഡ്ജ് അനിൽ ഭാസ്കർ, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി കെ. ചെറിയ കോയ ഉൾപ്പെടുന്നവർ ചീഫ് ജസ്റ്റിസിനെ സ്വീകരിച്ചു. അമിനി സബ് ജഡ്ജ് കം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, ആന്ത്രോത്ത് മുൻസിഫ് മജിസ്ട്രേറ്റ് ഉൾപ്പെടെയുള്ളവരുമായി ചീഫ് ജസ്റ്റിസ് ആശയ വിനിമയം നടത്തി.

RNC TVPM

========================================

**കാലാവസ്ഥാ വ്യതിയാന സമ്മേളനം**

29-ാമത് യു.എൻ കാലാവസ്ഥാ വ്യതിയാന സമ്മേളനത്തിന് ഇന്ന് അസർബൈജാനിൽ തുടക്കം. രണ്ടാഴ്ച നീളുന്ന സമ്മേളനത്തിൽ കാലാവസ്ഥാ ആഘാതങ്ങൾക്ക് ഏറ്റവും സാധ്യതയുള്ള രാജ്യങ്ങൾക്കായി പുതിയ ലക്ഷ്യം നേടുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. പാരീസ് ഉടമ്പടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള മാർഗങ്ങൾ, ഇന്ത്യ ഉൾപ്പെടെ 200-ഓളം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ച ചെയ്യും.

========================================

**ജമ്മു കശ്മീർ**

ജമ്മു കാശ്മീരിൽ, കേഷ്വാനിലെ നിബിഡ വനങ്ങളിലും കിഷ്ത്വാർ ജില്ലയിലെ സമീപ പ്രദേശങ്ങളിലും സുരക്ഷാ സേന തിരച്ചിൽ തുടരുന്നു. ഭീകരരുമായുണ്ടായ ഏറ്റുമുട്ടലിൽ സൈനിക ഉദ്യോഗസ്ഥൻ വീരമൃത്യു വരിച്ചതിന് പിന്നാലെയാണ് തെരച്ചിൽ ശക്തമാക്കിയത്.

=============================================

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 396 പോയിൻറ് ഉയർന്ന് 79,883 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 123 പോയിൻറ് ഉയർന്ന് 24,271-ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 55 രൂപ കുറഞ്ഞ് 7,220 രൂപയും പവന് 440 രൂപ കുറഞ്ഞ് 57,760 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

=============================================

=============================================

=============================================